(ബി) ഇവയിൽ നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നും അവ എപ്രകാരമെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പഞ്ചായത്തുകളുടെ ലിസ്റ്റ് അനുബന്ധം 1 * ആയി കൊടുത്തിരിക്കുന്നു.

(ബി) ഇവയിൽ ഒന്നാം ഘട്ടത്തിൽ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനായി തെരഞ്ഞെടുത്ത 153 ഗ്രാമ പഞ്ചായത്തുകളും രണ്ട് മുനിസിപ്പാലിറ്റികളിലുമായി ചെറു അരുവികളിൽ ചെക്ക് ഡാം നിർമ്മാണം, പരിസ്ഥിതി സൗഹൃദ കുടിവെള്ള പദ്ധതികൾ, മലയോരറോഡുകളുടെ പുനരുദ്ധാരണം, കൃഷി വികസന പദ്ധതി, കുളം നവീകരണം, ലൈവ്‌ലിഹുഡ് മാനേജ്‌മെന്റ് സ്കീം, പഴം പച്ചക്കറി വികസന പദ്ധതി, പ്രകൃതി വിഭവ പരിപാലന പദ്ധതി, നബാർഡ്-ആർ.ഐ.ഡി.എഫ്.റോഡ് പ്രവൃത്തികൾ എന്നിവയാണ് നടപ്പിലാക്കുന്ന പ്രവൃത്തികൾ. മലയോര വികസന ഏജൻസി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾക്ക് ജനപ്രതിനിധികൾ, ഗ്രാമ ബ്ലോക്ക് പഞ്ചായത്തുകൾ, ജനകീയ കമ്മിറ്റികൾ എന്നിവർ മുഖേന ലഭ്യമാകുന്ന ലിസ്റ്റ് മലയോര വികസന ഏജൻസിയുടെ സ്റ്റിയറിംഗ് കമ്മിറ്റി പരിശോധനയ്ക്ക് വിധേയമാക്കി തെരഞ്ഞെടുത്ത് ചെയർമാന്റെ അംഗീകാരം ലഭ്യമാക്കി പദ്ധതികൾക്ക് സർക്കാരിൽനിന്നും ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തികൾക്ക് മലയോരവികസന ഏജൻസി ഭരണാനുമതി നൽകുന്നു. പദ്ധതികളുടെ നിർവ്വഹണ ചുമതല ബ്ലോക്ക് ഡെവലപ്‌മെന്റ് ഓഫീസർമാർക്കാണ്.

ഭവന പദ്ധതികൾ

9 (1382) പ്രൊഫ. സി. രവീന്ദ്രനാഥ്:
ശ്രീ. ബി. സത്യൻ:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പ് മുഖാന്തരം നടപ്പാക്കുന്ന ഭവന പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതും നിർത്തലാക്കിയതും പുതുതായി നടപ്പിലാക്കിയതുമായ ഭവന പദ്ധതികൾ സംബന്ധിച്ച് വിശദമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പദ്ധതി നടപ്പാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്ഥാപനങ്ങൾക്ക് അർഹതപ്പെട്ട വിഹിതം കൈമാറിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കുന്ന ഏക ഭവന പദ്ധതിയാണ് ഐ.എ.വൈ.

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഗ്രാമ വികസന വകുപ്പ് വഴി നടപ്പിലാക്കിയിരുന്ന ഭവന പദ്ധതികളിൽ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ലാത്തതും, പുതുതായി ആരംഭിച്ചിട്ടില്ലാത്തതുമാകുന്നു.

(സി) പദ്ധതി നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തിൽ തദ്ദേശസ്ഥാപനങ്ങൾക്ക് 500 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ 300 കോടി രൂപ ബ്ലോക്ക് പഞ്ചായത്തുകൾക്ക് വിതരണത്തിനായി കൈമാറിയിട്ടുണ്ട്.

റോഡ് നിർമ്മാണം

10 (1383) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണ പദ്ധതിക്കായി ലഭിച്ച കേന്ദ്ര ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അതിൽ ഇതുവരെ ട്രഷറിയിൽ നിന്നും പിൻവലിച്ച് ചെലവഴിച്ച തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പി.എം.ജി.എസ്.വൈ. പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും ഓരോവർഷവും ലഭിച്ച തുക ചുവടെ ചേർക്കുന്നു:

വർഷം	അനുവദിച്ച തുക (കോടി രൂപയിൽ)
2011-2012	200.00
2012-2013	0.00
2013-2014	0.00

LIBRARY ARCHIVES Kerala Legislative Assembly